പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4712 | 26.10.2016-ൽ മറുപടിക്ക്.

## ഇതര സംസ്ഥാന തൊഴിലാളി ക്ഷേമനിധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ. ശശി | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാന തൊഴിലാളികൾക്കായി " ഇതര സംസ്ഥാന തൊഴിലാളി ക്ഷേമനിധി "നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) കേരള സംസ്ഥാനത്തിനകത്ത് ജോലി ചെയ്തുവരുന്ന അന്യസംസ്ഥാനത്തു നിന്നുമുള്ള കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമത്തിനായി 29-03-2010 ലെ സ.ഉ (എം.എസ്) നം.46/2010/ തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി രൂപീകരിച്ചി ട്ടുണ്ട്. |
| (ബി) ഇതിനായി നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചു; എന്തു തുക വകയിരുത്തി; വിശദാംശം ലഭ്യമാക്കുമോ; | ബി) 06-02-2010ലെ സ.ഉ(സാ)നം.228/2010/ തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ കീഴിൽ ഒരു പ്രത്യേക പ ദ്ധതിയായി കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി ആരംഭിക്കുന്നതിനായി ഭരണാനുമതി നൽകുകയും പദ്ധതിയുടെ വിനിയോഗത്തിലേക്കായി 10 കോടി രൂപ 2230-01-103-36 എന്ന ശീർഷകത്തിൽ അനുവദി ച്ച നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) ഇവർക്ക് ക്ഷേമനിധിയിൽ അംഗമാകാൻ വേണ്ടതായ നിബന്ധനകൾ എന്തെല്ലാം എന്നും ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നും ഉള്ള തൊഴിലാളികൾ നിലവിൽ സംസ്ഥാനത്ത് തൊഴിൽ ചെയ്യുന്ന എന്നും വ്യക്തമാക്കുമോ; | (സി) കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രാബല്യത്തിൽ വന്ന തീയതിക്ക് മുമ്പ് ഒരു മാസമോ, പദ്ധതി പ്രാബല്യത്തിൽ വന്നതിനു ശേഷമോ, കുടിയേറ്റ തൊഴിലാളിയായി ജോലി ചെയ്തു വരുന്ന 18 വയസ്സ് പൂർത്തിയായതും 60 വയസ്സ് പൂർത്തിയാകാത്തതുമായ ആൾ ഒരു മാസക്കാലം പൂർത്തിയാകുന്ന മുറക്ക് പദ്ധതിയിൽ അംഗമാകുന്നതിന് തന്റെ പേര് രജിസ്റ്റർ ചെയ്തിരിക്കേണ്ട താണ്. അംഗത്വത്തിനുള്ള അപേക്ഷ ഫോറം നമ്പർ -1 ൽ വയസ്സും തൊഴിലും തെളിയിക്കുന്ന രേഖക ളും രണ്ട് പാസ്പോർട്ട് സൈസ്സ് ഫോട്ടോയും സഹിതം ബന്ധപ്പെട്ട ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് |

സമർപ്പിച്ചിരിക്കേണ്ടതാണ്. ആസാം, ബംഗാൾ, ഒഡീഷ, ചണ്ഡിഗഢ്, ബീഹാർ, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികൾ നിലവിൽ സംസ്ഥാനത്ത് തൊഴിൽ ചെയ്യുന്നുണ്ട്

(ഡി) ഇവരിൽ ക്രിമിനലുകൾ ഉള്ളതിനാൽ കർശന നിബന്ധനകൾക്കു വിധേയമായി മാത്രം ഇവർക്ക് ക്ഷേമനിധി അംഗത്വം നൽകുവാൻ എന്തു നടപടികൾ സ്വീകരിക്കും എന്ന വ്യക്തമാക്കുമോ ?

(ഡി) അംഗത്വ രജിസ്ട്രേഷൻ അപേക്ഷയോടൊപ്പം അപേക്ഷകൻ ഇതുവരെ ഏതെങ്കിലും വിധ്വംസക പ്രവർത്തിയിൽ ഏർപ്പെട്ടിട്ടില്ല എന്നും എന്തെങ്കിലും ക്രിമിനൽ കുറ്റം ചെയ്യുകയോ ക്രിമിനൽ കേസുകളിൽ ഉൾപ്പെടുകയോ ചെയ്തിട്ടില്ലായെന്നും ഉള്ള ഒരു സത്യപ്രസ്താവന നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്

സെക്ഷൻ ഓഫീസർ